786
21/1/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - കോട്ടയം ചിൽഡ്രൻസ് ഹോമിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നിലവിലുള്ള കാലപ്പഴക്കം ചെന്ന കെട്ടിടം പൊളിച്ചുമാറ്റുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ)നം.29/2015/സാനീവ തിരുവനന്തപുരം, തീയതി. 20.01.2015.

==========================================================================

പരാമർശം : 1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 08.10.2014, 06.01.2015 തീയതികളിലെ എഫ് 5 - 38316/13 നമ്പർ കത്ത്.

2. 20.13.2013 ലെ സ.ഉ(സാധാ) നം. 128/13/സാനീവ നമ്പർ ഉത്തരവ്.

## <u>ഉത്തരവ്</u>

കോട്ടയം ജില്ലയിലെ തിരുവഞ്ചൂരിലുള്ള ഗവ.ചിൽഡ്രൻസ് ഹോമിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പരാമർശം 2 പ്രകാരം 200 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. ടി പ്രവർത്തി നടത്തുന്നതിന് കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ എന്ന സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുണ്ട്. കോട്ടയം ഗവൺമെന്റ് ചിൽഡ്രൻസ് ഹോമിന് പുതിയ കെട്ടിടം പണിയുന്നതിനായി സ്റ്റഡി റൂമും വർക്ക് ഷോപ്പും പ്രവർത്തിക്കുന്ന കെട്ടിടം, കിച്ചൺ&ഡൈനിംഗ് കെട്ടിടം എന്നിവ പൊളിച്ചു മാറ്റേണ്ടതായിട്ടുണ്ട്. എന്നാൽ 22.06.2014-ൽ ഉണ്ടായ ശക്തമായ കാറ്റിലും മഴയിലും സ്റ്റഡിറൂം സ്ഥിതി ചെയ്തിരുന്ന കെട്ടിടം പൂർണ്ണമായും തകർന്നതായി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. അവശേഷിക്കുന്ന Kitchen Block and Dining Hall സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ Survey Report പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ചിട്ടുള്ളത് പ്രകാരം 36,998/- രൂപയാണ് Scrap Value ആയി നിശ്ചയിച്ചിട്ടുള്ളത്. ആയത് അംഗീകരിച്ച് ടി കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശത്തിലെ കത്തു പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ, കോട്ടയം തിരുവഞ്ചൂരിലുള്ള ഗവൺമെന്റ് ചിൽഡ്രൻസ് ഹോമിന് പുതിയ കെട്ടിടം

നിർമ്മിക്കുന്നതിനായി Kitchen & Dining Hall സ്ഥിതി ചെയ്യുന്ന കെട്ടിടം പൊളിച്ച് മാറ്റുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എൽ.എ. ഗ്രിഗോറിയസ്**
ഡെപ്യൂട്ടി സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

സൂപ്രണ്ട്, ഗവൺമെന്റ് ചിൽഡ്രൻസ് ഹോം, കോട്ടയം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)കേരള , തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ & ഇ) കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്& ന്യൂ മീഡിയ വിഭാഗം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ